**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2834** **03-08-2021 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ സർക്കാർ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴയിൽ സർക്കാർ കോളേജ് അനുവദിച്ചത് ഏത് വർഷമാണ്; ആയത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | അമ്പലപ്പുഴയിൽ സർക്കാർ കോളേജ് അനുവദിച്ചത് 2010 ൽ ആണ്. ആയത് സംബന്ധിച്ച് സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കോളേജിൽ ഏതൊക്കെ കോഴ്സുകളാണുള്ളത്; കാലാനുസൃതമായ പുതിയ കോഴ്സുകൾ കോളജിൽ അനുവദിക്കുമോ; | (ബി) | അമ്പലപ്പുഴ സർക്കാർ കോളേജിൽ നിലവിൽ ബി.എ. ഇംഗ്ലീഷ്, ബി.എസ്.സി മാത്.സ്, ബികോം, എം.എ. ഇംഗ്ലീഷ്, എം.എ എക്കണോമിക്സ്, എം.കോം എന്നീ കോഴ്സുകൾ ഉണ്ട്. |
| (സി) | പ്രസ്തുത കോളേജിന് നാക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (സി) | കോളേജിന് നാക്ക് അക്രഡിറ്റേഷൻ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കോളേജിൽ സ്വീകരിച്ച് വരികയാണ്. |
| (ഡി) | ആലപ്പുഴ ജില്ലയിലെ പടിഞ്ഞാറൻ മേഖലയിലെ ഏക സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് എന്ന നിലയിൽ പ്രസ്തുത കോളേജിന്റെ സമഗ്ര വികസനത്തിൽ എന്തൊക്കെ കാര്യങ്ങളാണ് ഇനിയും പൂർത്തീകരിക്കാനായി ഉള്ളതെന്നും ആയതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കുമോ? | (ഡി) | കോളേജ് നിലവിൽ സ്ഥിതി ചെയ്യുന്നത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ്. കോളേജിന്റെ ഭാവി വികസനത്തിനും യു.ജി.സി അംഗീകാരത്തിനുമായി സ്വന്തമായി 5 ഏക്കർ ഭൂമി ആവശ്യമാണ്. കൂടാതെ കോളേജിന്റെ വികസനത്തിന് കൂടുതൽ ക്ലാസ്സുമുറികൾ ഉൾക്കൊള്ളുന്ന അക്കാഡമിക് കെട്ടിടം, ലൈബ്രറി, കമ്പ്യൂട്ടർ ലാബുകൾ, സയൻസ് ലാബുകൾ, ആഡിറ്റോറിയം എന്നിവ നിർമ്മിക്കേണ്ടത് ആവശ്യമാണ്. ഭൂമി വകുപ്പിന് ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

ഉത്തരവ്യമായം.

കേരള സർക്കാർ

സംഗ്രഹം

ഉന്നതവിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - അമ്പലപ്പുഴയിൽ പുതിയ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

32464

---

ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം. 140/2010/ഉവിവ    തിരുവനന്തപുരം, തീയതി : 02.07.2010.

---

പരാമർശം :- 1. 05.04.2010-ലെ സ.ഉ. (സാധാ) നമ്പർ 719/2010/ഉവിവ.

2. 21.04.2010-ലെ സ.ഉ. (സാധാ) നം. 766/2010/ഉവിവ

3. 21.04.2010, 11.05.2010 എന്നീ തീയതികളിലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പി1/16182/2010/കോ.വി.വ. നമ്പർ കത്തുകൾ.

## ഉത്തരവ്

അമ്പലപ്പുഴയിൽ ഒരു പുതിയ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങുന്നതാണെന്ന് 2010-2011-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ബജറ്റ് പ്രഖ്യാപനം പ്രകാരം കോളേജ് 2010-2011 അദ്ധ്യയനവർഷം തന്നെ ആരംഭിക്കുന്നതിന് പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി കോട്ടയം ഗവൺമെന്റ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം സെലക്ഷൻ ഗ്രേഡ് ലക്ചറർ ശ്രീ. കെ.പി. സതീഷിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പ്രസ്തുത സ്പെഷ്യൽ ഓഫീസറുടെ പ്രോജക്റ്റ് റിപ്പോർട്ട് പരാമർശം മൂന്നിലെ കത്തുകൾ പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശുപാർശകളോടെ ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(i) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയിൽ ഒരു പുതിയ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങുന്നതിന് അനുമതി നൽകുന്നു.

(ii) പ്രസ്തുത കോളേജ് ബി.എ. ഇക്കണോമിക്സ്, ബി.കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ബി.എസ്.സി. ഗണിത ശാസ്ത്രം എന്നീ കോഴ്സുകളോടെ താൽക്കാലികമായി കെ.കെ. കുഞ്ചുപിള്ള സ്മാരക ഹയർ സെക്കന്ററി സ്കൂളിൽ പ്രവർത്തനമാരംഭിക്കുന്നതിന് അനുമതി നൽകുന്നു.

(iii) പ്രസ്തുത കോളേജിൽ 12000-16500 രൂപ ശമ്പള നിരക്കിൽ ഒരു പ്രിൻസിപ്പലിന്റെയും 8000-13500 രൂപ ശമ്പള നിരക്കിൽ 12 ലക്ചറർമാരുടെയും [illegible] - 11270 രൂപ ശമ്പള നിരക്കിൽ ഒരു ഹെഡ് അക്കൗണ്ടന്റിന്റെയും 6310 - 10750 രൂപ ശമ്പള നിരക്കിൽ ഒരു യു.ഡി. ക്ലാർക്കിന്റെയും 5250-8390 രൂപ ശമ്പള നിരക്കിൽ ഒരു എൽ.ഡി. ക്ലാർക്കിന്റെയും 6310 - 10790 രൂപ ശമ്പള നിരക്കിൽ ഗ്രേഡ് IV ലൈബ്രേറിയന്റെയും 4750 - 7980 രൂപ ശമ്പള നിരക്കിൽ മൂന്ന് അറ്റൻഡർമാരുടെയും 4510-7480

17

രൂപ ശമ്പള നിരക്കിൽ ഒരു ശിപായിയുടെയും 4510-7480 രൂപ ശമ്പള നിരക്കിൽ ഒരു നൈറ്റ് വാച്ച്മാന്റെയും 2850 രൂപ വേതനത്തിൽ ഒരു പാർട്ട്ടൈം സ്വീപ്പറുടെയും തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു. ഇതിനു വേണ്ടി വരുന്ന സാമ്പത്തിക ബാദ്ധ്യതയായ 19,38,860/- രൂപ (പത്തൊൻപത് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി എണ്ണൂറ്റി അറുപത് രൂപ മാത്രം) (pre-revised നിരക്കിൽ) "2202-03-103-99 ... ധിയേറ്ററം" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാൻ അനുമതി നൽകുന്നു.

(iv) അധികമായി തുക ആവശ്യമായി വന്നാൽ ധനപുനർവിനിയോഗം വഴി തുകയ്ക്ക് അനുവദിക്കുന്നതിനും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
കുരുവിള ജോൺ,
പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
(ഇതിന് ധനവകുപ്പിന്റെ അംഗീകാരമുണ്ട്.)
അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി
ധനകാര്യ വകുപ്പ് (37732/ഇ.ഡി.എൻ.ബി3/2010/തീയതി : 05.06.2010.)
പൊതുഭരണ (എസ്.സി.) വകുപ്പിന്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

Endt. on Pl-32464/10/Coll. Edn. dtd. 7-10.

Copy of the Govt. order circulated to E(t). A, B, C, J and K Sections of the Directorate and to Sri. K.P. Sathesh, ... Govt. College, Ambalappuzha ... for information and necessary action.

A D (C.E)
7/7/10

SO